പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2665 — 17/6/2019 ൽ മറുപടിക്ക്

**കരസേനയുടെ ഫാമുകളിൽ നിന്നും കന്നുകാലികളെ വാങ്ങുന്ന നടപടി**

ചോദ്യം

ശ്രീ.സണ്ണി ജോസഫ് :

മറുപടി

അഡ്വ .കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | കരസേനയുടെ കീഴിലുള്ള രാജ്യത്തെ വിവിധ ഫാമുകൾ അടച്ചു പൂട്ടുന്നതിന്റെ ഭാഗമായി കന്നുകാലികളെ കൂട്ടത്തോടെ സേന കൈയ്യൊഴിയുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇന്ത്യൻ സൈനിക വിഭാഗത്തിന് കീഴിലുള്ള എല്ലാ മിലിറ്ററി ഫാമുകളും നിർത്തലാക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചതിനാൽ വിവിധ സംസ്ഥാനങ്ങൾക്ക് പ്രസ്തുത ഫാമുകളിലെ മൃഗങ്ങളെ ഉപയോഗപ്പെടുത്താവുന്നതാണെന്ന് കേന്ദ്ര സർക്കാരിന്റെ പ്രതിരോധ മന്ത്രാലയത്തിൽ നിന്നും അറിയിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത കന്നുകാലികളെ പൂനയ്ക്ക് സമീപമുള്ള ഫാമിൽ നിന്നും വിലയ്ക്ക് വാങ്ങുന്നതിന് മൃഗസംരക്ഷണ വകുപ്പ് ആലോചിക്കുന്നുണ്ടോ; എങ്കിൽ എത്ര പശുക്കളെ വാങ്ങുവാനാണ് ആലോചിക്കുന്നത്; | ബി) | പ്രസ്തുത കന്നുകാലികളെ പൂനയ്ക്ക് സമീപമുള്ള ഫാമിൽ നിന്നും വിലയ്ക്ക് വാങ്ങുന്നതിന് കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 100 പശുക്കളെ സെക്കന്തരാബാദ് മിലിറ്ററി ഫാമിൽ നിന്നും എത്തിക്കുകയും ചെയ്തിട്ടുണ്ട്. കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ മണ്ണുത്തി, തിരുവിഴാംകുന്ന്, കോലാഹലമേട്, തുമ്പൂർമൂഴി എന്നീ നാല് ഫാമുകളിൽ കൊണ്ടുവന്ന് കേരളത്തിലെ കാലാവസ്ഥ, ഭക്ഷണരീതി തുടങ്ങിയവയുമായി പൊരുത്തപ്പെട്ട് പോകുന്നുണ്ടോ എന്നത് സംബന്ധിച്ച പഠനം നടന്നു വരികയാണ്. ആയതിന്റെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്കും, ആവശ്യമായ ഫണ്ട് ലഭിക്കുന്ന മുറയ്ക്കും കൂടുതൽ പശുക്കളെ വാങ്ങുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| സി) | ഇത് സംബന്ധിച്ച് സേനയിലെ ബന്ധപ്പെട്ടവരുമായി എന്തെങ്കിലും ചർച്ച നടത്തിയിട്ടുണ്ടോ; ചർച്ച വിജയപ്രദമാണോയെന്ന് വ്യക്തമാക്കാമോ? | സി) | മിലിറ്ററി ഫാമുകൾ സന്ദർശിച്ച് പശുക്കളുടെ ഉത്പാദനക്ഷമത, ആരോഗ്യസ്ഥിതി തുടങ്ങിയവ നിരീക്ഷിച്ച് പശുക്കളെ കൊണ്ടുവരുന്നതിനുള്ള സാധ്യത പഠിച്ച് റിപ്പോർട്ട് ചെയ്യുവാൻ ടീം രൂപീകരിക്കുകയും, ഈ ടീം മിലിറ്ററി ഫാമുകൾ സന്ദർശിച്ച പ്രാഥമിക പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ